**2009, ഖുത്ബ നമ്പർ- 20**

**15.05.2009**
**ബയ്ത്തുൽ ഫുതൂഹ്,**
**ലണ്ടൻ**

# വൈവാഹിക ജീവിതം ആനന്ദപൂർണ്ണമാക്കുക

കഴിഞ്ഞ ഖുത്ബയിൽ അല്ലാഹുവിന്റെ اَلْوَاسِع എന്ന ഗുണ നാമത്തെ മുൻനിറുത്തിക്കൊണ്ട് വിശുദ്ധഖുർആനിൽ പ്രതിപാദിച്ച ചില കൽപനകളെയും നിർദ്ദേശങ്ങളെയും കുറിച്ച് പറഞ്ഞിരുന്നു. ഇന്നും ഈ വിഷയം തന്നെയാണ് തുടരുന്നത്. നമ്മുടെ നിത്യജീവിതവുമായും നമ്മുടെ ധാർമ്മികവും അധ്യാത്മികവുമായ അവസ്ഥകളുമായും ബന്ധപ്പെട്ട വിവിധ വിഷയങ്ങളെകുറിച്ച് പ്രതിപാദിച്ചിട്ടുള്ള ആയത്തുകൾ ഇന്ന് വിവരിക്കുന്നതാണ്. തന്റെ അതിവിശാലമായ അറിവുമൂലം നമ്മുടെ അറിവുകളെയും പ്രവർത്തനങ്ങളെയും അല്ലാഹു വലയം ചെയ്തിരിക്കുകയാണ്. നമ്മുടെ ഓരോരുത്തരുടെയും കഴിവനുസരിച്ച് അല്ലാഹുവിന്റെ അതിവിശാലമായ അനുഗ്രഹത്തിന് ഭാഗവാക്കുകളാകുന്നതിന് ഉതകുന്ന മാർഗ്ഗങ്ങൾ അല്ലാഹു ഈ കൽപനകൾ നൽകിക്കൊണ്ട് നമുക്ക് പറഞ്ഞുതന്നിരിക്കുകയാണ്. അങ്ങനെ നാമും ഈ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരും അതിൽനിന്ന് അനുഗ്രഹമെടുക്കുന്നവരുമായിത്തീരുന്നതാണ്. അതു മൂലം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരിൽ നാമും ഉൾപ്പെടുന്നതാണ്.

ഈ വിഷയം പ്രതിപാദിച്ചുകൊണ്ട് അല്ലാഹു നമ്മുടെ വൈവാഹിക ജീവിതത്തെ കുറിച്ചും, സാമൂഹിക ജീവിതത്തെകുറിച്ചും, ദീനി പ്രവർത്തനങ്ങളെ നേർപന്ഥാവിൽ നയിക്കുന്നതിനെ കുറിച്ചും, നമ്മുടെ ധാർമ്മികവും അധ്യാത്മികവുമായ അവസ്ഥകൾ അല്ലാഹുവിന്റെ പ്രീതമാർഗ്ഗത്തിൽ ചരിപ്പിക്കുന്നതിനെ കുറിച്ചുമെല്ലാം നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ചുരുക്കത്തിൽ മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെ കുറിച്ചും അല്ലാഹു നമുക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കാരണം അല്ലാഹു മനുഷ്യരോട് തന്റെ ഗുണം സ്വീകരിക്കാൻ കൽപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഈ സിഫത്തിന്റെ അടിസ്ഥാനത്തിലും മനുഷ്യൻ തന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ പദവികൾ കരസ്ഥമാക്കാൻ തങ്ങളുടെ പ്രവർത്തനത്തിലും പ്രയത്നത്തിലും വിശാലതയുണ്ടാക്കാൻ കൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതുമൂലം മനുഷ്യൻ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടുന്നതാണ്. അതോടൊപ്പം അല്ലാഹു നമ്മോട് പറഞ്ഞത് നിങ്ങളുടെ കഴിവുകൾ എത്രമാത്രമുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ട് നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ജോലികൾ നിങ്ങളുടെ കഴിവിന്നതീതമല്ല എന്ന് മനസ്സിലാക്കുക എന്നാണ്. ഓരോരുത്തരുടേയും ഉൾക്കൊള്ളാനുള്ള കഴിവുകൾ വ്യത്യസ്തമായതുകൊണ്ട് അല്ലാഹു അവരവരുടെ കഴിവുകളനുസരിച്ച് മാത്രമെ കൽപന നൽകുന്നുള്ളൂ. എന്നാൽ തങ്ങളുടെ കഴിവുകളുടെ അതിരുകൾ നിർണ്ണയിക്കൽ മനുഷ്യന്റെ ജോലിയല്ല. ഓരോരുത്തരുടെയും കഴിവുകൾ എത്രമാത്രമുണ്ടെന്ന് അറിയുന്നവൻ അല്ലാഹു മാത്രമാണ്. അതുകൊണ്ട് അല്ലാഹു നൽകിയിരിക്കുന്ന കൽപനകളൊന്നും തന്നെ നമ്മുടെ കഴിവിന്നതീതമാണെന്ന് ആർക്കും പറയാൻ അവകാശമില്ല. മറഞ്ഞിരിക്കുന്ന പല കഴിവുകളും ഓരോരുത്തർക്കും അല്ലാഹു നൽകിയിട്ടുണ്ട്. അതിനെ പുറത്തുകൊണ്ടുവരികയും അതിനെ തട്ടിക്കുടഞ്ഞ് വ്യത്തിയാക്കുകയും അതിനെ രംഗത്ത് കൊണ്ടുവരികയും ചെയ്യേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ്.

അല്ലാഹു തിരുനബി(സ) യെ നമ്മുടെ മുമ്പിൽ ഉത്തമ മാതൃകയായി സമർപ്പിക്കുകയുണ്ടായി. ആ പരിപൂർണ്ണ മനുഷ്യനെ പിൻപറ്റേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹു പരിപൂർണ്ണമനുഷ്യനായി ഒരാളെ മാത്രമാണ് സൃഷ്ടിച്ചത്. അദ്ദേഹത്തിന്റെ കഴിവുകൾക്കും പ്രാപ്തികൾക്കും ഒരതിരുമില്ല. ആ പുണ്യാത്മാവിന്റെ ജീവിതത്തിന്റെ ഏതുവശമെടുത്തു നാം പരിശോധിക്കുകയായണെങ്കിലും അതിനെല്ലാം ഒരു പ്രത്യേക ഔന്നത്യം കാണാൻ സാധിക്കുന്നതാണ്. എന്നിരുന്നാലും ആ പ്രവാചകൻ(സ)യെ കഴിവിന്റെ പരമാവധി മാതൃകയാക്കിക്കൊണ്ട് പിൻപറ്റാനാണ് നാം കൽപ്പിക്കപ്പെട്ടിരിക്കുന്നത്.

അല്ലാഹു നമുക്ക് മാർഗ്ഗദർശനം നൽകിയിരിക്കുന്ന കാര്യങ്ങളിൽ നമ്മുടെ വൈവാഹിക ജീവിതത്തെകുറിച്ചും പരാമർശിച്ചിട്ടുണ്ടെന്നത് ഞാൻ നേരത്തെ പറഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ട വിശുദ്ധഖുർആന്റെ ചില ആയത്തുകൾ ഞാൻ സമർപ്പിക്കുന്നതാണ്. അതിനുമുമ്പേ തിരുനബി(സ) തന്റെ ഭാര്യമാരോട് ഏതുരീതിയിലാണ് വർത്തിച്ചിരിക്കുന്നത് എന്നതിനെ കുറിച്ച് ചില കാര്യങ്ങൾ പറയുകയാണ്.

ഒരിക്കൽ തിരുനബി(സ) അരുളി; 'നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് ഉത്തമരീതിയിൽ വർത്തിക്കുന്നവരാണ്. നിങ്ങളിൽ ഏറ്റവും കൂടുതൽ ഭാര്യമാരോട് ഉത്തമരീതിയിൽ വർത്തിക്കുന്നവൻ ഞാനാണ്.'

നമ്മേ ഉപദേശിച്ചുകൊണ്ട് അരുളുന്നു; 'ഭാര്യ ഭർത്താവിലും ഭർത്താവ് ഭാര്യയിലും പരസ്പരം വല്ല ന്യൂനതകൾ കാണുന്നുണ്ടെങ്കിൽ അതല്ലെങ്കിൽ ഏതെങ്കിലും ഒരു സ്വഭാവമോ ശീലമോ അനിഷ്ടകരമായിത്തോന്നുന്നുണ്ടെങ്കിൽതന്നെ നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റു പല കാര്യങ്ങളും ഇരുവരിലും ഉണ്ടാകുമല്ലോ? അതുകൊണ്ട് ആ നല്ല കാര്യങ്ങളെ മുൻനിറുത്തിക്കൊണ്ട് ത്യാഗമനോഭാവത്തോടെ പ്രവർത്തിക്കുകയും സൗഹൃദം നിലനിൽക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക. ഈ കൽപന സ്ത്രീക്കും പുരുഷനും ഉള്ളതാണ്.

തിരുനബി(സ) യെ കുറിച്ച് പത്നിമാർ എല്ലാവരും ഏറ്റുപറഞ്ഞിരിക്കുന്നത് അവിടുന്ന് ഏറ്റവും ഉത്തമരീതിയിലാണ് ഞങ്ങളോട് പെരുമാറിയിട്ടുള്ളത് എന്നാണ്. യാത്രയിൽ പോകുമ്പോൾ പത്നിമാരുടെ പേരുകൾ എഴുതി നറുക്കിടുമായിരുന്നു. ആരുടെ പേരാണോ വരുന്നത് അവരെ കൂടെ കൊണ്ടുപോകും. ഭാര്യമാർ രോഗികളായാൽ അവരെ ശുശ്രൂഷിക്കുമായിരുന്നു. അവരുടെ വികാരങ്ങളെ മാനിച്ചിരുന്നു. ഇതെല്ലാമായിരുന്നിട്ടുകൂടി അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു; 'അല്ലാഹുവെ! ഒരു മനുഷ്യനാൽ കഴിയുന്നിടത്തോളം പത്നിമാർക്കിടയിൽ നീതി നടപ്പിൽ വരുത്താൻ ഞാൻ പരിശ്രമിച്ചിട്ടുണ്ടെന്ന കാര്യം നിനക്കറിയാം. എന്നാൽ അല്ലാഹുവേ ഹൃദയത്തിൽ എനിക്ക് നിയന്ത്രണമില്ല. ഏതെങ്കിലും ഭാര്യയുടെ പ്രത്യേക ഗുണം കാരണമായോ പ്രത്യേക കഴിവു കാരണമായോ ഹൃദയം അവരിലേക്ക് ചായുന്നുണ്ടെങ്കിൽ എനിക്ക് നീ പൊറുത്തുതരേണമേ".

ഹദ്റത്ത് ഖദീജ (റ)വിനോട് തിരുനബി(സ)ക്ക് വലിയ ആദരവായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ) തിരുനബി(സ)യോട് പറയുകയുണ്ടായി, അല്ലാഹുവിന്റെ റസൂലെ ,ജീവിച്ചിരിക്കുന്ന ഭാര്യമാർ താങ്കൾക്കിപ്പോൾ ഉണ്ടായിരിക്കെ എന്തിനാണ് മരിച്ചുപോയ ആ കിഴവിയെകുറിച്ച് താങ്കൾ ഇങ്ങിനെ പറയുന്നത്. അത് കേട്ടപ്പോൾ തിരുനബി(സ) ഇപ്രകാരം അരുളി;'ഞാൻ ഒറ്റക്കായിരുന്നപ്പോഴാണ് ഖദീജ

എന്റെ കൂട്ടിന് വന്നത്. ആരാലും സഹായിക്കപ്പെടാത്ത നിസ്സഹായ നായ ഒരവസ്ഥയിൽ ഞാൻ കഴിയുമ്പോഴാണ് അവരെന്നെ സഹായിക്കാനെത്തിയത്. അവർ തന്റെ സമ്പത്ത് പൂർണ്ണമായും എന്റെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി. അവരിൽനിന്ന് അല്ലാഹു എനിക്ക് സന്താനങ്ങളെ നൽകുകയും ചെയ്തു. ലോകം എന്നെ കളവാക്കി തള്ളിയപ്പോൾ അവരെന്നെ സത്യപ്പെടുത്തി." തിരുനബി(സ) ക്ക് ജീവിച്ചിരിക്കുന്ന യുവതികളായ ഭാര്യമാർ ഉണ്ടായിരുന്നിട്ടുകൂടി അപ്പോഴും വലിയ ആദരവോടുകൂടിയാണ് ഹദ്റത്ത് ഖദീജ (റ)യെ അവിടുന്ന് സ്മരിക്കാറുണ്ടായിരുന്നത്. മാത്രമല്ല തിരുനബി(സ)ക്ക് വളരെ പ്രിയപ്പെട്ട പത്നിയും അന്നുണ്ടായിരുന്നു. ഭാര്യയോടുള്ള ഈ പ്രിയത്തിന് കാരണം അവരുടെ അടുത്താകുമ്പോൾ കൂടുതൽ വഹ്യ് ലഭിക്കുന്നു എന്നതായിരുന്നു. ഈ ഭാര്യ ആക്ഷേപിച്ചപ്പോഴാണ് വളരെ സ്നേഹത്തിൽ തിരുനബി(സ) അവരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞത്. നീ കുടുസ്സായ ചിന്താഗതി ഉപേക്ഷിക്കുക. ഞാൻ ഖദീജയെ സ്നേഹിക്കാനുള്ള കാരണം ഇന്നതാണ്." ഇത് പറഞ്ഞുകൊണ്ടാണ് മുകളിൽ പറഞ്ഞ ഗുണങ്ങൾ എണ്ണിയത്.

ഇന്ന് ഓറിയന്റലിസ്റ്റുകൾക്കും തിരുനബി(സ)യെ ആക്ഷേപിക്കുന്നവർക്കും എന്റെ യജമാനന്റെ ഈ ഉത്തമ മാതൃക കാണാൻ സാധിക്കുന്നില്ലേ? തിരുനബി(സ) തന്റെ പത്നിമാരോട് ഏതുരീതിയിലുള്ള നീതിയാണ് നടപ്പിൽ വരുത്തിയിരുന്നതെന്നും ബാഹ്യമായി നൽകാൻ കഴിയുന്ന അവരുടെ അവകാശങ്ങൾ എല്ലാം തുല്യമായി നൽകിയെന്നും ഇവർ കാണുന്നില്ലെ. ഹൃദയത്തിന്റെ നിയന്ത്രണം മനുഷ്യന്റെ കരങ്ങളിലല്ല. ആദ്യകാലത്ത് തനിക്ക് വേണ്ടി എല്ലാം സമർപ്പിച്ച ഭാര്യയെ മറ്റു ഭാര്യമാരുടെ മുമ്പിൽ സ്മരിക്കുകയും അവരുടെ ത്യാഗത്തിന് തന്റെ മനസ്സിലുള്ള ആദരം പ്രകടിപ്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, 'ഈ ത്യാഗങ്ങളെ ആദരവോടുകൂടി ഞാൻ സ്മരിക്കുന്നില്ലെങ്കിൽ എന്നെ എപ്പോഴും സഹായിക്കുന്ന അല്ലാഹുവിന് കൃതജ്ഞതയുള്ള ദാസനായി ഞാൻ എങ്ങിനെ മാറും. അവൻ തന്റെ വിശാലമായ അനുഗ്രഹങ്ങളിൽനിന്ന് എനിക്ക് ഒരംശം നൽകിയിരിക്കുന്നു.

തിരുനബി(സ) തന്റെ പത്നിമാരോട് ഇത്രയും ഉത്തമമായ രീതിയിൽ വർത്തിക്കുവാനുള്ള കാരണം അല്ലാഹു നീതി നടപ്പിൽ വരുത്താൻ കൽപ്പിച്ചതുകൊണ്ടായിരുന്നു. തന്റെ അനുയായികളോട് അല്ലാഹുവിന്റെ ഈ കൽപനയനുസരിച്ച് പ്രവർത്തിക്കാൻ പറഞ്ഞതോടൊപ്പം അതിനുള്ള ഉത്തമമാതൃക നിലനാട്ടിക്കാണിക്കുകയും ചെയ്തു.

ഒന്നിൽ കൂടുതൽ വിവാഹം കഴിക്കുവാൻ വിശുദ്ധ ഖുർആൻ അനുവാദം നൽകിയിട്ടുണ്ടെങ്കിൽ അതിന് ചില നിബന്ധനകളും അത് നിർദ്ദേശിച്ചിട്ടുണ്ട്. ബഹുഭാര്യത്വത്തിന് അനുവാദം നൽകിക്കൊണ്ട് സ്ത്രീകളോട് അനീതി കാണിച്ചിരിക്കുന്നു എന്നും പുരുഷന്മാരുടെ മാത്രം വികാരമാണ് മാനിക്കപ്പെട്ടിരിക്കുന്നതെന്നും ഇസ്ലാമിനെകുറിച്ചും തിരുനബി(സ)യെ കുറിച്ചും ആക്ഷേപം ഉന്നയിക്കപ്പെടാറുണ്ട്.

ഇതുസംബന്ധമായി അല്ലാഹു പറയുന്നു,

وَاِنْ خِفْتُمْ اَلَّا تُقْسِطُوْا فِي الْيَتٰمٰى
فَانْكِحُوْا مَا طَابَ لَكُمْ مِّنَ النِّسَآءِ مَثْنٰى
وَثُلٰثَ وَرُبٰعَ ۚ فَاِنْ خِفْتُمْ اَلَّا تَعْدِلُوْا
فَوَاحِدَةً اَوْ مَا مَلَكَتْ اَيْمَانُكُمْ ؕ ذٰلِكَ
اَدْنٰۤى اَلَّا تَعُوْلُوْا ۝ 4:4

അനാഥരുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു) സ്ത്രീകളിൽനിന്ന് രണ്ട് വീതമോ, മൂന്ന് വീതമോ, നാലുവീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക), അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അടിമസ്ത്രീകളിൽനിന്ന്. നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്തമാർഗ്ഗം അതാണ്. (4:4)

ഈ ആയത്തിൽ ഒന്ന് യത്തീം കുട്ടികളെ സംരക്ഷിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്. നിങ്ങൾ യത്തീമുകളെ വിവാഹം കഴിക്കുകയാണെങ്കിൽ അവരോടും അനീതി കാണിക്കരുത്. അവരുടെ കടമകൾ എല്ലാം നൽകിക്കൊണ്ട് വിവാഹം കഴിക്കുക. വിവാഹത്തിനുശേഷം അവരുടെ വികാരങ്ങളെ മാനിക്കുക. ഇവരെ എന്തുചെയ്താലും ചോദിക്കാനാളില്ലെന്ന ചിന്ത നിങ്ങളുടെ മനസ്സിൽ ഒരിക്കലും വരാൻ പാടില്ല. ഇനി നിങ്ങൾക്ക് ഇവരോട് നീതി പുലർത്താൻ കഴിയില്ലെന്ന ഭയമുണ്ടെങ്കിൽ സ്വതന്ത്രരായ സ്ത്രികളെ വിവാഹം കഴിക്കുക. രണ്ടോ. മൂന്നോ. നാലോ വരേ ആവാം. എന്നാൽ നീതി നടപ്പിൽ വരുത്താൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ ഒന്നിൽ കൂടുതൽ വിവാഹം കഴിക്കാനുള്ള അനുവാദമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതുസംബന്ധമായി അരുളുന്നു;

'നിങ്ങളുടെ പരിപാലനത്തിലുള്ള യത്തീം പെൺകുട്ടിയെ വിവാഹം കഴിക്കുന്നതിൽ ഒരു തെറ്റുമില്ല. എന്നാൽ അവരെ കുറിച്ച് ചോദിക്കാൻ ആരുമില്ലാത്തതുകൊണ്ട് ഒരു പക്ഷേ അവരോട് നിങ്ങൾ അക്രമം കാണിച്ചുപോകുമോ എന്ന ഭയം നിങ്ങൾക്കുണ്ടെങ്കിൽ മാതാപിതാക്കളും കുടുംബക്കാരുമുള്ള സ്ത്രീയെ വിവാഹം കഴിക്കുക. അവർ നിങ്ങളെ ആദരിക്കുകയും നിങ്ങൾക്ക് അവരെകുറിച്ചുള്ള ഭയം ഉണ്ടായിരിക്കുകയും ചെയ്യുന്നതാണ്. ഒന്നോ, രണ്ടോ, മൂന്നോ, നാലോ വരെ വിവാഹം ചെയ്യാവുന്നതാണ്. നിങ്ങൾക്ക് നീതി നിലനിറുത്താൻ കഴിയുകയാണെങ്കിൽ മാത്രമേ ഈ വിവാഹത്തിന് അനുവാദമുള്ളൂ. നീതി നിലനിറുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽപോലും ഒരു വിവാഹം മാത്രം കഴിക്കുക."

ഈ കാലഘട്ടത്തിൽ നീതിമാനായ വിധികർത്താവ് 'നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ പോലും' എന്ന് പറഞ്ഞുകൊണ്ട് കാര്യം വ്യക്തമാക്കുകയുണ്ടായി. നിങ്ങളുടെ ആവശ്യങ്ങളെക്കാളും നിങ്ങൾ മുൻഗണന നൽക്കേണ്ടത് സമൂഹത്തിലെ സമാധാനവും ശാന്തിയും നീതിയിലും നിലനിർത്തുന്നതിനാണ്. ഇപ്പോൾ ചില സ്ഥലങ്ങളിൽനിന്ന് പരാതികൾ വരാൻ തുടങ്ങിയിട്ടുണ്ട്. കുട്ടികളുണ്ടായിട്ടും പല കാരണങ്ങളും പറഞ്ഞുകൊണ്ട് ഭർത്താവ് മറ്റൊരു വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു എന്നെല്ലാമാണ് പരാതി. ഇതിനെ കുറിച്ച് ഒന്നാമത്തെ കാര്യം നാം ഓർത്തിരിക്കേണ്ടത് നീതി നടപ്പിൽ വരുത്താൻ സാധ്യമല്ലെങ്കിൽ ഒന്നിൽ കൂടുതൽ വിവാഹം കഴിക്കരുതെന്നാണ്. **നീതി**യിൽ എല്ലാതരം കടമകളും ഉൾപ്പെടുന്നതാണ്. വീട്ടുചെലവു നടത്താനുള്ള വരുമാനമില്ലെങ്കിൽ ഒരു കല്ല്യാണവും കൂടി കഴിക്കുക എന്നത് ആദ്യ ഭാര്യയുടെയും മക്കളുടേയും അവകാശങ്ങൾ ഹനിക്കുന്ന പ്രവർത്തിയായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് അരുളുന്നു,' 'നിർബന്ധ സാഹചര്യത്തിൽ രണ്ടാം വിവാഹം കഴിക്കേണ്ടിവരികയാണെങ്കിൽ ആദ്യഭാര്യയെ ആദ്യത്തേക്കാളുപരി പരിഗണിക്കേണ്ടതാണ്." എന്നാൽ ഇപ്പോൾ കാണുന്നത് അതല്ല. ആദ്യഭാര്യയിൽ നിന്നും മക്കളിൽ നിന്നും പതുക്കെ പതുക്കെ മുഖം തിരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായ പ്രവർത്തനമാണ് നടന്നുവരുന്നത്. സാമ്പത്തികമായ കാര്യത്തിലും മറ്റു അവകാശങ്ങൾ നൽകുന്ന കാര്യത്തിലും നീതി നടപ്പിൽ വരുത്താൻ കഴിയുമോ എന്ന ആത്മപരിശോധനയാണ് നടത്തേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു;"മനുഷ്യൻ സ്വയം പരീക്ഷണത്തിൽ അകപ്പെടുത്താതിരിക്കുകയാണ് നല്ലത് എന്നതാണ് എന്റെ അഭിപ്രായം."

ഭാര്യയോടുള്ള കടമകൾ നിർവ്വഹിക്കാൻ കഴിയാതെ മനുഷ്യൻ പരീക്ഷണത്തിൽ അകപ്പെട്ടുപോയേക്കാം. അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുകയും ചെയ്തേക്കാം. ഞാൻ തിരുനബി(സ)യുടെ ഒരു പ്രാർത്ഥന നേരത്തേ കേൾപ്പിച്ചിരുന്നു. ആ മഹാത്മാവ് ചെയ്തിരുന്ന പ്രാർത്ഥന ഇതാണ്.

"ബാഹ്യമായ കടമകൾ നിർവ്വഹിക്കാൻ ഞാൻ പൂർണ്ണമായും പരിശ്രമിക്കുന്നു. എന്നാൽ ഏതെങ്കിലും ഭാര്യയുടെ വല്ല സ്വഭാവഗുണവും കൊണ്ട് അവരിലേക്ക് എന്റെ നിയന്ത്രണത്തിലല്ലാത്ത ഹൃദയം ചായുകയാണെങ്കിൽ നീ എനിക്ക് പൊറുത്തുതരേണമേ" ഇത് മനുഷ്യപ്രകൃതത്തിനനുഗുണമായിട്ടുള്ളതാണ്.

മനുഷ്യനെ സൃഷ്ടിച്ച അല്ലാഹു ഒന്നിൽ കൂടുതൽ വിവാഹം കഴിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു. അവൻ മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിലുള്ള കാര്യം അറിയുന്നവനും മറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയുന്നവനുമാകുന്നു. അവൻ വിശുദ്ധഖുർആനിൽ ഈ കാര്യങ്ങളെല്ലാം വിവരിക്കുന്നുണ്ട്. അവൻ പറയുന്നു: ഒരു പക്ഷെ ചില കാരണങ്ങളാൽ ചിലരോട് നിങ്ങൾക്ക് കൂടുതൽ താത്പര്യം തോന്നിയേക്കാം. ഈ അവസരത്തിലും ബാഹ്യമായ എല്ലാ അവകാശങ്ങളും എല്ലാവർക്കും നൽകിയിരിക്കേണ്ടത് നിങ്ങളിൽ നിർബന്ധമാണ്. സൂറ:നിസാഇൽ അല്ലാഹു പറയുന്നു.

وَلَنْ تَسْتَطِيْعُوْٓا اَنْ تَعْدِلُوْا بَيْنَ النِّسَآءِ
وَلَوْ حَرَصْتُمْ فَلَا تَمِيْلُوْا كُلَّ الْمَيْلِ
فَتَذَرُوْهَا كَالْمُعَلَّقَةِ ۭ وَاِنْ تُصْلِحُوْا
وَتَتَّقُوْا فَاِنَّ اللّٰهَ كَانَ غَفُوْرًا رَّحِيْمًا ۝ 4:130

നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും സ്ത്രീകൾ തമ്മിൽ നിങ്ങൾക്ക് നീതി പുലർത്താൻ സാധിക്കില്ല. അതിനാൽ നിങ്ങൾ (ഒരാളുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞുപോകരുത്. (അതിന്റെ ഫലം) മറ്റയാളെ നിങ്ങൾ തൂക്കിയിടപ്പെട്ട വസ്തുവിനെപ്പോലെ വിടുകയായിരിക്കും. നിങ്ങൾ പരസ്പരം രഞ്ജിപ്പുണ്ടാക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ(ഓർക്കുക)തീർച്ചയായും അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാമയനുമാണ്. (4:130)

മനുഷ്യന്റെ കഴിവിൽ പെടാത്ത കാര്യങ്ങളെക്കുറിച്ച് നീതി നടപ്പിൽ വരുത്താൻ സാധിച്ചെന്ന് വരില്ല. എന്നാൽ കഴിയുന്ന കാര്യങ്ങളിൽ നീതി പുലർത്തേണ്ടത് നിർബന്ധമാണ്. ബാഹ്യമായ കാര്യം എന്ന് പറഞ്ഞാൽ ഭക്ഷണം, വസ്ത്രം, താമസം, സമയം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്. ചെലവ് നൽകിയെങ്കിലും സമയം നൽകുന്നില്ലെങ്കിൽ ഈ നിലപാട് ശരിയാകില്ല. താമസത്തിനുള്ള സൗകര്യം ഒരുക്കിയെങ്കിലും നിത്യചെലവിനുള്ള സംവിധാനം ചെയ്യാതെ ഭാര്യ മറ്റുള്ളവരെ ആശ്രയിച്ചു കഴിയേണ്ടി വരുന്ന സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ അതും പൊറുക്കപ്പെടാവുന്നതല്ല. ബാഹ്യമായ രീതിയിൽ പൂർണ്ണമായ നീതി നടപ്പിൽ വരുത്തുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം പുരുഷനിൽ അർപ്പിതമാണ്.

ഒരു രിവായത്തിൽ ഇപ്രകാരം വരുന്നു: തിരുനബി (സ) അരുളി. ആർക്കാണോ രണ്ട് ഭാര്യമാരുള്ളത്, അയാൾ ഒരു ഭാര്യയോട് മാത്രം താത്പര്യം കാണിക്കുകയും മറ്റുള്ളവരെ അവഗണിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ ഖിയാമത്തുനാളിൽ ശരീരത്തിന്റെ പകുതി ഭാഗം മുറിച്ചു മാറ്റപ്പെട്ടവനെപ്പോലെ എഴുന്നേൽപ്പിക്കപ്പെടുന്നതാണ്.

ഇരുവരുടെയും ബാഹ്യമായ അവകാശങ്ങൾ നൽകുക എന്നതാണ് തഖ്‌വ എന്ന് അല്ലാഹു പറയുന്നു. ഭാര്യയായിരിക്കെ ഭാര്യയുടെ അവകാശങ്ങളിൽ നിന്നും വിട്ടുനിർത്തപ്പെടുന്ന അവസ്ഥയിൽ ഒരു ഭാര്യയും ഉണ്ടായിരിക്കരുത്. അവളെ ഭാര്യപഥത്തിൽനിന്ന് സ്വതന്ത്രയാക്കുകയോ ,അവളുടെ അവകാശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. ഇങ്ങനെ ഒരു മുസ്‌ലിം ചെയ്യരുത്. അല്ലാഹു തടഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കേണ്ടതാണ്. ഒരു ഭാര്യയോട് മാത്രമാണ് താത്പര്യം പ്രകടിപ്പിക്കുന്നതെന്നും മറ്റവളിലേക്ക് തിരിയുക പോലുമില്ലെന്നുമുള്ള പരാതികൾ വരാറുണ്ട്.

ചിലപ്പോൾ ഒരു ഭാര്യ ഉള്ളവരും ഭാര്യമാരെ പ്രയാസപ്പെടുത്താറുണ്ട്. അവർ ഭാര്യമാരെ ത്വലാഖ് നൽകുകയോ അവരോടൊപ്പം നിർത്തുകയോ ചെയ്യില്ല. ഖസായിലോ കോടതിയിലോ കേസ് നടക്കുകയാണെങ്കിൽ യാതൊരു കാരണവും ഇല്ലാതെ കേസ് നീട്ടികൊണ്ടുപോകുന്നു. ഈ പ്രശ്നം പരിഹരിക്കപ്പെടാതിരിക്കുവാനുള്ള പഴുതുകൾ അവർ നോക്കി നടക്കുന്നു. സ്ത്രീ സ്വയം ഖുലഅ് ആവശ്യപ്പെടട്ടെ എന്ന് കരുതി ത്വലാഖ് നൽകുന്നതിൽ നിന്നും പുരുഷൻ വിട്ടുനിൽക്കുന്നു. ഖുലഅ് വാങ്ങുകയാണെങ്കിൽ മഹർ നൽകേണ്ടിവരില്ലല്ലോ എന്നവർ കണക്കു കൂട്ടുന്നു. ഇതെല്ലാം തന്നെ തഖ്‌വയിൽ നിന്നും നമ്മേ അകറ്റുന്നതാണ്. അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളുടെ ഇസ്‌ലാഹ് വരുത്തുക. അല്ലാഹുവിന്റെ പാപപ്പൊറുതിയും അവന്റെ ഫള്ലും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ സ്വയം കാരുണ്യം പ്രകടിപ്പിക്കുക. ഭാര്യക്ക് നൽകേണ്ട അവകാശങ്ങൾ നൽകി വീട്ടിൽ കൊണ്ടുവരിക. അല്ലാഹുവിന്റെ അതിവിശാലമായ കാരുണ്യത്തിന് പങ്കാളികളാകണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ കാരുണ്യത്തെയും വിശാലമാക്കുക.

അല്ലാഹു പറയുന്നു.

وَاِنْ يَّتَفَرَّقَا يُغْنِ اللّٰهُ كُلًّا مِّنْ سَعَتِهٖ ۭ
وَكَانَ اللّٰهُ وَاسِعًا حَكِيْمًا ۝ 4:131

ഇനി അവർ രണ്ടുപേരും വേർപെട്ടു പോകുന്നതായാൽ അല്ലാഹു അവരവരുടെ കഴിവനുസരിച്ച് അവരെ സമ്പന്നരാക്കുന്നതാണ്. അല്ലാഹു വളരെ വിശാലമായ ഔദാര്യമുള്ളവനും യുക്തിജ്ഞനുമാകുന്നു. (4:131)

ഇവിടെ അല്ലാഹു പറയുന്നത് ഒന്നിച്ചു പോകാനുള്ള ഒരു സാഹചര്യവും ഇല്ലെങ്കിൽ എവിടെയും തൊടാത്ത അവസ്ഥയിൽ വിടാതെ അവർക്ക് നൽകാനുള്ള അവകാശങ്ങൾ നൽകി നല്ല രീതിയിൽ അവരെ സ്വാതന്ത്രരാക്കുക. ഇനി ഭർത്താവ് ത്വലാഖ് നൽകുകയോ കൂടെകൂട്ടുകയോ ചെയ്യുന്നില്ലെങ്കിൽ ഖാസി മുഖേന സ്ത്രീക്ക് ഖുലഅ് വാങ്ങാവുന്നതാണ്. സ്നേഹത്തോടും സൗഹാർദ്ധത്തോടും കൂടി ജീവിക്കുവാനുള്ള ശ്രമം നടത്തുമ്പോഴാണ് ഒരു വിശ്വാസിക്കും വിശ്വാസിനിക്കും തഖ്‌വയോടുകൂടി ജീവിക്കാൻ കഴിയുക. എന്നാൽ ഈ ശ്രമം വിജയിക്കുന്നില്ലെങ്കിൽ മാന്യമായ രീതിയിൽ തന്നെ പരസ്പരം പിരിയാവുന്നതാണ്. പുരുഷൻ മാന്യമായ രീതിയിൽ സ്ത്രീയെ ത്വലാഖ് നൽകുക. ഇതാണ് പുരുഷന്റെ ബാധ്യത. ഒന്നിപ്പിക്കു വാനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടതുമൂലം മാന്യമായി പിരിയുന്നതുകൊണ്ട് അവരിരുവർക്കും അല്ലാഹുവിന്റെ കൃപയും കാരുണ്യവും നൽകുന്നതാണെന്ന് അല്ലാഹു പറയുന്നു. അതോടൊപ്പം അവർക്ക് ഐശ്വര്യവും നൽകി അനുഗ്രഹിക്കുന്നതാണ്.

ഒരു ഹദീസിന്റെ വെളിച്ചത്തിൽ ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിയുന്നത് അനിഷ്ടകരമായിരിക്കുന്ന പ്രവർത്തിയാണെങ്കിൽ കൂടി, ഒന്നിച്ച് പോകാനുള്ള എല്ലാ പ്രയത്നവും പരാജയപ്പെട്ടതുകൊണ്ട്, തഖ്‌വയുടെ അടിസ്ഥാനത്തിൽ അല്ലാഹുവിലേക്ക് തിരിയുമ്പോൾ വിശാലത നൽകുന്ന അല്ലാഹു അവരിരുവർക്ക് എല്ലാ കാര്യത്തിലും വിശാലത നൽകുന്നതാണ്. അല്ലാഹുവിനോട് സഹായം അർത്ഥിച്ചുകൊണ്ട് എടുക്കുന്ന തീരുമാനങ്ങൾ യുക്തി ഭദ്രമായിരിക്കും. കാരണം അല്ലാഹു യുക്തിജ്ഞനും കൂടിയാണ്.

ഇവിടെ മറ്റൊരു അടിസ്ഥാനകാര്യം വിവരിച്ചിരിക്കുന്നു. വൈവാഹികബന്ധങ്ങളെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ മാതാപിതാക്കളോ കുട്ടികളോ അതിനെ വൈകാരികമായി കാണാതെ, എല്ലാം അറിയുന്ന, എല്ലാത്തിനേയും വലയം ചെയ്തിരിക്കുന്ന അല്ലാഹുവിനോട് സഹായം അർത്ഥിച്ചുകൊണ്ട് ചിന്തിച്ചും ആലോചിച്ചും തീരുമാനമെടുക്കേണ്ടതാണ്. ഇങ്ങിനെ ബന്ധങ്ങൾ തീരുമാനിച്ചുകഴിഞ്ഞാൽ അല്ലാഹു അവർക്ക് ഐശ്വര്യം നൽകുകയും അവർക്ക് വിശാലത നൽകുകയും ചെയ്യുന്നതാണ്. അവരുടെ ധനത്തിലും അവരുടെ ബന്ധങ്ങളിലും എല്ലാം അല്ലാഹു വിശാലത നൽകുന്നതാണ്.

ചില പുരുഷന്മാർ ത്വലാഖിന്റെ കാര്യം അങ്ങുമിങ്ങും തൊടാതെ നിർത്തുന്നതിനെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. അവർ അത് നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നു. വിവാഹം ചെയ്ത് കഴിഞ്ഞാൽ കുറച്ച് കാലം ഭാര്യയും ഭർത്താവും ഒരുമിച്ച് ജീവിക്കുകയും അതിൽ ചിലപ്പോൾ കുട്ടികൾ ഉണ്ടാകുകയും ചെയ്യുന്നു. അതിനു ശേഷം ത്വലാഖിൽ കാര്യം ചെന്നെത്തുന്നു. ഈ സന്ദർഭത്തിൽ കുട്ടികളുടെ ചെലവും ഹഖ് മെഹറും മറ്റും നൽകണമെന്ന കാര്യം വ്യക്തമാണ്. അത് പുരുഷൻ നൽകേണ്ടതാണ്. എന്നാൽ ചിലപ്പോൾ വിവാഹം നടക്കുകയോ അതല്ലെങ്കിൽ മഹർ നിശ്ചയിക്കുകയോ ചെയ്യുന്നതിനുമുമ്പും പിരിയേണ്ട സാഹചര്യം വരുന്നു. അപ്പോഴും സ്ത്രീയുടെ അവകാശങ്ങൾ നൽകണമെന്നാണ് അല്ലാഹു പറയുന്നത്. സൂറ:ബഖറയിൽ അല്ലാഹു പറയുന്നു.

لَا جُنَاحَ عَلَيْكُمْ إِنْ طَلَّقْتُمُ النِّسَاءَ مَا
لَمْ تَمَسُّوهُنَّ أَوْ تَفْرِضُوا لَهُنَّ فَرِيضَةً ۚ
وَمَتِّعُوهُنَّ عَلَى الْمُوسِعِ قَدَرُهُ وَعَلَى
الْمُقْتِرِ قَدَرُهُ مَتَاعًا بِالْمَعْرُوفِ ۖ حَقًّا
عَلَى الْمُحْسِنِينَ ۝ 2:237

നിങ്ങൾ സ്ത്രീകളെ സ്പർശിച്ചിട്ടില്ലാത്ത അവസ്ഥയിലോ അല്ലെങ്കിൽ വിവാഹമൂല്യമായി ഒന്നും നിശ്ചയിച്ചിട്ടില്ലാത്ത അവസ്ഥയിലോ അവരെ വിവാഹമോചനം ചെയ്തുവെങ്കിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. എന്നാൽ നിങ്ങൾ അവർക്ക് ജീവിത വിഭവം നൽകേണ്ടതാണ്. - സമ്പന്നൻ അവന്റെ കഴിവനുസരിച്ചും ദരിദ്രൻ അവന്റെ കഴിവനുസരിച്ചും - മര്യാദപ്രകാരമുള്ള ജീവിത വിഭവം. സദ്‌വൃത്തന്മാർക്ക് അതൊരു ബാധ്യതയാകുന്നു. (2:237)

അല്ലാഹു പറയുന്നു. പുരുഷന്റെ ഭാഗത്തുനിന്ന് ഈ ബന്ധം മുന്നോട്ടുകൊണ്ടുപോകാൻ പറ്റില്ലെന്ന് പറയുകയാണെങ്കിൽ, അതിന് കാരണമെന്തുതന്നെ ആയാലും ശരി, ഈ ബന്ധം അവസാനിക്കുമ്പോൾ സ്ത്രീയോട് കാരുണ്യത്തോടുകൂടി വർത്തിക്കേണ്ട കടമ പുരുഷനിൽ നിക്ഷിപ്തമാണ്. അവരവരുടെ കഴിവനുസരിച്ച് അവർക്ക് നൽകേണ്ടത് നൽകുക. സാമ്പത്തികമായ വിശാലത അല്ലാഹു നൽകിയിട്ടുണ്ടെങ്കിൽ അത് പ്രകടമാക്കാൻ അല്ലാഹു പറയുന്നു. നിങ്ങൾക്ക് വിശാലത നൽകിയിരിക്കുന്ന അല്ലാഹുവിന് അത് തടയാനുള്ള കഴിവും കൂടിയുണ്ടെന്ന് മനസ്സിലാക്കണം. അവകാശങ്ങൾ നൽകുന്നില്ലെങ്കിൽ അല്ലാഹു നൽകിയിരിക്കുന്ന മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി തകർക്കാനും അവന് കഴിവുണ്ടെന്ന് ഓർക്കണം. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്‌ലിന്റെ അനന്തരാവകാശികളാകണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അല്ലാഹു നൽകിയിരിക്കുന്ന സമ്പത്തിൽ നിന്നും സ്ത്രീക്കും ഒരു പങ്ക് നൽകുക. അല്ലാഹു ആർക്കും തന്നെ അവരുടെ കഴിവനുസരിച്ചല്ലാത്ത ഭാരം നൽകാത്തതുകൊണ്ട് ദരിദ്രർ അവരുടെ നിലയനുസരിച്ച് നൽകിയാൽ മതി എന്നവൻ പറയുന്നു. അല്ലാഹു പറയുന്നു: നിങ്ങൾ നന്മ ചെയ്യുന്നവരും തഖ്‌വയിൽ നിലയുറപ്പിക്കുന്നവരുമാണെങ്കിൽ നിങ്ങൾ അവരോട് കാരുണ്യം ചെയ്യേണ്ടതാണ്. തിരുനബി (സ) ന്റെ മാതൃക ഒരു ഹദീസിൽ നിന്നും നമുക്ക് മനസ്സിലാകുന്നുണ്ട്. ഒരിക്കൽ ഒരു അൻസാരി വിവാഹം കഴിച്ചു പിന്നീട് ആ സ്ത്രീയെ സ്പർശിക്കുന്നതിനുമുമ്പേ തന്നെ ത്വലാഖും നൽകി. ആ സ്ത്രീയുടെ മഹർ നിശ്ചയിച്ചിട്ടുമുണ്ടായിരുന്നില്ല. തിരുനബി (സ) സന്നിധിയിൽ ഈ പ്രശ്നം അവതരിപ്പിക്കപ്പെട്ടപ്പോൾ അവിടുന്ന് അയാളോട് ചോദിച്ചു. മര്യാദപ്രകാരം നീ അവൾക്ക് വല്ലതും നൽകിയിട്ടുണ്ടോ? ആ സഹാബി പറഞ്ഞു. യാറസൂലുല്ലാഹ് അവൾക്ക് നൽകാൻ എന്റെ കയ്യിൽ ഒന്നുമില്ല. തിരുനബി അരുളി. ഒന്നുമില്ലെങ്കിൽ നിന്റെ തലയിൽ വെച്ചിരിക്കുന്ന ഈ തൊപ്പിയെങ്കിലും എടുത്ത് കൊടുക്കുക. ഇതിൽ നിന്നും മനസ്സിലാകുന്നത് സ്ത്രീയുടെ അവകാശം നേടിക്കൊടുക്കുന്ന കാര്യത്തിൽ തിരുനബി (സ) എന്തുമാത്രം ജാഗ്രതയാണ് പുലർത്തിയിരുന്നത് എന്നാണ് .

ഇനി ഹഖ് മഹർ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എന്തു ചെയ്യണം. തുടർന്നുള്ള ആയത്തിൽ അല്ലാഹു പറയുന്നു. മഹറിന്റെ പകുതി നൽകുക. വിശുദ്ധഖുർആൻ ഈ രീതിയിൽ പുരുഷനിലും പുരുഷന്റെ കുടുംബത്തിലും സ്ത്രീകൾക്ക് നൽകേണ്ട കടമകൾ നിർണ്ണയിച്ചിരിക്കുന്നു. പുരുഷന്മാരുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് അല്ലാഹു പറയുന്നു. കുട്ടികളെ മുലയൂട്ടുന്ന കാര്യത്തിലും മറ്റും വളരെ വ്യക്തമായ നിർദ്ദേശങ്ങളാണ് അല്ലാഹു നൽകിയിട്ടുള്ളത്.

ഇതേപോലെ ഭർത്താവിനോടും മക്കളോടും സ്ത്രീകൾക്കുള്ള കടമകളും വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ആ കടമകൾ പാലിക്കാൻ സ്ത്രീകൾ നിർബന്ധിതരാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും പരസ്പരമുള്ള കടപ്പാടുകളും ഉത്തരവാദിത്വങ്ങളും വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ഇതെല്ലാം തന്നെ നിങ്ങൾ നിർവ്വഹിക്കുക. ഇതിന്റെയും വിശദീകരണങ്ങളുണ്ട്. അത് ഞാൻ വിവരിക്കുന്നില്ല.

ഇപ്പോൾ രണ്ട് കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഒന്ന് ഭാര്യമാരോടുള്ള പെരുമാറ്റത്തിൽ തിരുനബി (സ) കാണിച്ച മാതൃക എന്താണ്? അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് ആ കടപ്പാടുകൾ നിറവേറ്റുന്നതിൽ എത്ര ഉന്നതമായ നിലവാരമാണ് ആ പുണ്യാത്മാവ് നിലനാട്ടിയത്?

രണ്ടാമത്തെ കാര്യം ഈ മാതൃക പിൻപറ്റിക്കൊണ്ട് ഈ കടപ്പാടുകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ഒരഹ്മദീ മുസ്‌ലിം എന്തുമാത്രം ശ്രദ്ധിക്കണം. അവന്റെ ബാധ്യതകൾ എന്ത്? പ്രത്യേകിച്ച് പുരുഷന്മാരിൽ അല്ലാഹു ഇട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ.

ഇനി ഞാൻ മറ്റൊരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കാൻ ആഗ്രഹിക്കുന്നു. ഇത് പൊതുവിൽ ജമാഅത്തിൽ ഉള്ള ഒരു കാര്യമല്ലെങ്കിൽ കൂടി അഹ്മദീ സമൂഹത്തിൽ നിന്ന് ചിലയിടങ്ങളിൽ നിന്ന് ഇവ്വിധ കാര്യങ്ങൾ കേൾക്കാൻ തുടങ്ങിയിരിക്കുന്നു.

സൂറ:അൽ അൻആമിൽ അല്ലാഹു പറയുന്നു:

وَلَا تَقْرَبُوْا مَالَ الْيَتِيْمِ اِلَّا بِالَّتِيْ هِيَ
اَحْسَنُ حَتّٰى يَبْلُغَ اَشُدَّهٗ ۚ وَاَوْفُوا الْكَيْلَ
وَالْمِيْزَانَ بِالْقِسْطِ ۚ لَا نُكَلِّفُ نَفْسًا اِلَّا
وُسْعَهَا ۚ وَاِذَا قُلْتُمْ فَاعْدِلُوْا وَلَوْ كَانَ ذَا
قُرْبٰى ۚ وَبِعَهْدِ اللّٰهِ اَوْفُوْا ۗ ذٰلِكُمْ وَصّٰكُمْ
بِهٖ لَعَلَّكُمْ تَذَكَّرُوْنَ ۝١٥٣ 6:153

ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അനാഥന്റെ ധനത്തെ നിങ്ങൾ സമീപിക്കരുത്. അങ്ങനെ അവർ പ്രായപൂർത്തി എത്തട്ടെ. അളവും തൂക്കവും നിങ്ങൾ നീതിപൂർവ്വം പൂർത്തിയാക്കുക. ഒരാളെയും അയാളുടെ കഴിവിൽ പെട്ടതിനല്ലാതെ നാം ഉത്തരവാദിയാക്കുകയില്ല. നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായി ബന്ധപ്പെട്ട) ആൾ നിങ്ങളുടെ അടുത്ത ബന്ധുവായാൽ പോലും നീതിപൂർവ്വം സംസാരിക്കുക. അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുക. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം കരസ്ഥമാക്കുന്നതിനുവേണ്ടി. (6:153)

ഈ ആയത്തിൽ അഞ്ചുകാര്യങ്ങൾ ചെയ്യാൻ അല്ലാഹു നമ്മോട് കൽപിക്കുന്നു. എന്നിട്ട് അല്ലാഹു പറയുന്നു: ആർക്കും വഹിക്കാൻ കഴിയാത്ത ഭാരം ഞാൻ ഇടാറില്ല. തന്റെ സൃഷ്ടികളുടെ കഴിവെന്താണെന്നും അത് എത്രയുണ്ടെന്നും അല്ലാഹു അറിയുന്നു. അതുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന കൽപനകൾ മാത്രമാണ് അല്ലാഹു നമ്മിൽ ചുമത്തുന്നത്. യത്തീമുകളുടെ ധനത്തെ സമീപിക്കുമ്പോൾ ഏറ്റവും ഉത്തമമായ രീതിയിൽ സമീപിക്കേണ്ടതാണ്. യത്തീമുകളുടെ സ്വത്ത് ആരുടെ അടുത്താണോ വരുന്നത് അവർ അതിന്റെ അമീനാണ്. സൂക്ഷിപ്പുകാരനാണ്. അതുകൊണ്ട് യത്തീമുകളുടെ ഉന്നമനത്തിന്നായി ഇവ വിനിയോഗിക്കേണ്ടതാണ്. യത്തീമുകളുടെ സമ്പത്ത് സുരക്ഷിതമാക്കിവെക്കാൻ ആദ്യം നിങ്ങൾ ശ്രമിക്കുക. എന്നാൽ സാമ്പത്തികശേഷി കുറഞ്ഞവനെങ്കിൽ യത്തീമുകളുടെ ചെലവ് സ്വയം വഹിക്കാനുള്ള ശേഷിയില്ലെങ്കിൽ യത്തീമുകളുടെ ചെലവ് അവരുടെ സ്വത്തിൽ നിന്ന് തന്നെ സൂക്ഷിച്ച് ചെലവഴിക്കുക. അതല്ലാതെ അവർ വലുതാവുമ്പോഴേക്കും അവരുടെ സമ്പത്ത് നശിപ്പിക്കുകയല്ല ചെയ്യേണ്ടത്. യഥാർത്ഥവിശ്വാസി യത്തീമിന്റെ സമ്പത്തിന്റെയും സ്വത്തിന്റെയും യഥാർത്ഥസൂക്ഷിപ്പുകാരനായിരിക്കും. സ്വന്തം സമ്പത്ത് വളരെ സൂക്ഷിച്ച് ഉപയോഗിക്കുന്നതുപോലെ ലാഭകരമായ കച്ചവടത്തിൽ സ്വന്തം സമ്പത്ത് ഇറക്കുന്നതുപോലെ - എല്ലാ കച്ചവടവും ലാഭകരമായിരിക്കണമെന്നില്ല .ലാഭത്തിന്നായി മാത്രം നൽകുന്നത് പലിശയായിത്തീരുന്നതാണ്- യത്തീമിന്റെ സമ്പത്തും വളരെ സൂക്ഷിച്ച് ഇറക്കുന്നവരാണ് യഥാർത്ഥസൂക്ഷിപ്പുകാർ. യത്തീമുകളുടെ പണവും ഭാവിയിൽ ഗുണം ചെയ്യുന്ന കാര്യങ്ങൾക്കായി നിക്ഷേപിക്കണമെന്ന് കൽപനയുണ്ട്. അവർ വലുതായിക്കഴിഞ്ഞാൽ അവരുടെ സമ്പത്ത് വർദ്ധിക്കുന്നത് കാണുമ്പോൾ അവർക്ക് ആരോരുമില്ലെങ്കിലും സമൂഹത്തിൽ ഗണിക്കപ്പെടുന്ന ഒരു വ്യക്തിയായി മാറുന്നതാണ്. എന്നാൽ ചിലപ്പോൾ ബന്ധുക്കൾ യത്തീമിന്റെ സ്വത്തിൽ വിശ്വസ്തത കാട്ടിയില്ലെന്നും പറഞ്ഞുകൊണ്ടുള്ള പരാതികൾ വരാറുണ്ട്. ആരുടെയെങ്കിലും അടുത്ത് യത്തീമായ അവന്റെ സഹോദരപുത്രനോ പുത്രിയോ ഉണ്ടെങ്കിൽ അവരുടെ സ്വത്തിനെ തെറ്റായ രീതിയിൽ അവർ ഉപയോഗിക്കുന്നു. അങ്ങനെയുള്ളവർ മനസ്സിലാക്കേണ്ടത് ഈ വിധത്തിലുള്ള സ്വത്ത് ഭക്ഷിക്കുന്നത് കൊണ്ട് അവരുടെ ധനത്തിലോ സമ്പത്തിലോ ഒരു വിശാലതയും ലഭിക്കുന്നതല്ല. ഈ ലോകത്ത് ഇതുമൂലം വല്ല സാമ്പത്തികനേട്ടവും അവർ കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ തന്നെ അവരെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത്: അവർ തങ്ങളുടെ വയറ്റിൽ തീ മാത്രമാണ് നിറക്കുന്നത് എന്നാണ്. ഈ അനീതിക്ക് കൂട്ടുനിൽക്കുന്നവരും അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. അല്ലാഹു പറയുന്നു.

നിങ്ങൾ നീതി പുലർത്തുക. അടുത്ത ബന്ധുക്കളായാലും ശരി. അതുകൊണ്ട് ഇത് വളരെ പേടിപ്പെടുത്തുന്ന സന്ദർഭമാണ്. യത്തീമുകളുടെ ധനത്തെ അവിഹിതമാർഗ്ഗത്തിൽ ഉപയോഗിക്കുന്നവരുടെ സഹായിയായി മാറാൻ പാടില്ല.

യത്തീമുകൾ പക്വത എത്തിക്കഴിഞ്ഞാൽ അവരുടെ സമ്പത്ത് അവരെ ഏൽപ്പിക്കുക. അല്ലാഹു ഈ സന്ദർഭത്തിൽ പറയുന്നത് അളവും തൂക്കലും നീതിപൂർവ്വമായിരിക്കണമെന്നാണ്. കച്ചവടത്തിലൊന്നും ഒരു വഞ്ചനയും കാണിക്കരുത്. കാരണം ചില സമൂഹങ്ങളിൽ വരുന്ന വിനാശത്തിന് ഒരു കാരണം ബിസിനസ്സിൽ നടത്തുന്ന വഞ്ചനയും കാരണമായിത്തീരുന്നു. സഹാബത്തിന്റെ മാതൃക എന്തായിരുന്നു. അവർ കച്ചവടം ചെയ്യുമ്പോൾ ഉപഭോക്താവിന് അവർ വാങ്ങുന്ന വസ്തുക്കളിൽ ന്യൂനത കാണാൻ കഴിഞ്ഞിട്ടില്ലെങ്കിൽ തന്നെ അതിലുള്ള ന്യൂനതകൾ സഹാബത്ത് പറഞ്ഞു കൊടുക്കാറുണ്ടായിരുന്നു. അങ്ങിനെയാണ് അവർ കച്ചവടം ചെയ്തിരു

ന്നത്. ജനങ്ങൾ വഞ്ചിക്കപ്പെടാതിരിക്കുന്നതിന് വേണ്ടിയാണ് അവർ അങ്ങിനെ ചെയ്തത്.

അവസാനമായി അല്ലാഹു പറയുന്നു. അല്ലാഹുവിനോട് ചെയ്തിട്ടുള്ള നിങ്ങളുടെ പ്രതിജ്ഞകളെ നിങ്ങൾ പാലിക്കുക. സമൂഹത്തിന്റെ നന്മക്ക് വേണ്ടിയും കടപ്പാടുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയും പ്രവർത്തിക്കാൻ പറയുന്നു. ഇത് പ്രാവർത്തികമാകണമെങ്കിൽ അല്ലാഹു എല്ലാം അറിയുന്നവനാണെന്നും ആരാണ് പ്രതിജ്ഞകളെല്ലാം നിറവേറ്റുന്നതെന്ന് അവർ അറിയുന്നു എന്നും ഉള്ള വിശ്വാസം ഉണ്ടായിരിക്കണം. അല്ലാഹുവിനെ മുന്നിൽ കണ്ടുകൊണ്ട് തന്റെ പ്രതിജ്ഞകളെ പൂർത്തിയാക്കുമ്പോഴാണ് സ്യഷ്ടാവിനോടുള്ള കടമകളും സ്യഷ്ടികളോടുള്ള കടമകളും അതർഹിക്കുന്ന രീതിയിൽ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത് നാം മനസ്സിലാകുമ്പോഴാണ് അല്ലാഹുവിന്റെ ഉപദേശം നാം കരസ്ഥമാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്താൻ പരിശ്രമിച്ചെന്നും അപ്പോൾ മനസ്സിലാക്കുന്നതാണ്. ഇതൊന്നും എന്റെ കഴിവിൽ പെട്ടതല്ലെന്ന് കരുതരുത്. അല്ലാഹു നൽകുന്ന കൽപ്പനകളെല്ലാം എന്റെ കഴിവിൽ പെട്ടതാണെന്ന് മനസ്സിലാക്കുക. നമുക്ക് ഇതെല്ലാം ചെയ്തേ പറ്റു. ഇങ്ങിനെ നാം ചിന്തിക്കുകയും അത് പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ ഉടമസ്ഥരായി നാം മാറുന്നതാണ്. അല്ലാഹു പറയുന്നു.

وَالَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ لَا نُكَلِّفُ نَفْسًا اِلَّا وُسْعَهَآ ۡ اُولٰٓئِكَ اَصْحٰبُ الْجَنَّةِ ۚ هُمْ فِيْهَا خٰلِدُوْنَ۝ 7:43

എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവർ - ഒരാത്മാവിനെയും അതിന്റെ കഴിവിൽ പെട്ടതല്ലാതെ നാം ചുമതലപ്പെടുത്തുകയില്ല. - അവർ സ്വർഗാവകാശികളത്രെ. അവർ അതിൽ നിത്യവാസികളായിരിക്കും. (7:43)

നമ്മുടെ കഴിവുകളനുസരിച്ച് നമുക്ക് പ്രവർത്തിക്കുവാൻ നമ്മോട് കൽപ്പിച്ചിരിക്കുന്ന അല്ലാഹുവിന്റെ മുമ്പിൽ എപ്പോഴും കുമ്പിടാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ. അവൻ നമ്മുടെ കഴിവനുസരിച്ച് മാത്രമെ നമ്മിൽ ഭാരം ചുമത്തിയിട്ടുള്ളു. അതോടൊപ്പം തന്റെ അനന്തമായ അനുഗ്രഹത്തെ പരാമർശിച്ചുകൊണ്ട് അവന്റെ പൊറുക്കലിന്റെ ചാദറിൽ നമ്മേ പൊതിയുന്നതാണെന്ന സുവാർത്തയും അവൻ നൽകിയിരിക്കുന്നു. അതിനാൽ അവന്റെ അറ്റമില്ലാത്ത കാരുണ്യവും അനുഗ്രഹവും നമുക്ക് വിശ്വാസത്തിൽ മുന്നേറാനും സൽപ്രവർത്തികൾ ചെയ്യാനും നാം വിനിയോഗിക്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 15 - 05 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**